## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3574 — 30-01-2014-ൽ മറുപടിക്ക്.

### പൊതുസ്ഥലങ്ങളിലെ മദ്യപാനം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| | ശ്രീ. കെ. വി. അബ്ദുൾ ഖാദർ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | പൊതുസ്ഥലത്ത് പരസ്യമായി മദ്യ പാനം നടത്തുന്നവർക്കെതിരെ നട പടി സ്വീകരിക്കുന്നതിന് നിയമം അനുശാസിക്കുന്നുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. അബ്കാരി ആക്റ്റിലെ 15 (C) പ്രകാരം കേസെടുത്ത്, പരമാവധി 2 വർഷം വരെ തടവോ 5000/- രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷിക്കുന്നതിന് നിയമം അനുശാസി ക്കുന്നു. |
| (ബി) | പ്രസ്തുത നിയമത്തിന്റെ അടിസ്ഥാന ത്തിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തി ട്ടുണ്ട്; | (ബി) | 6596 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | വിവാഹാദി-മംഗള കർമ്മങ്ങൾക്ക് ഓഡിറ്റോറിയങ്ങളിലും മറ്റും മദ്യം വിളമ്പുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; | | (സി)-യും, (ഡി)-യും<br>ഉണ്ട്. കർശനമായ വ്യവസ്ഥകളോടെ, പ്രതിദിനം 50,000/- രൂപ ഫീസ് ഈടാക്കി, ഫോറിൻ ലിക്വർ റൂൾസ് 13 (6) പ്രകാരം, പ്രത്യേക ചടങ്ങുകൾക്ക് ഓഡിറ്റോറിയങ്ങളിലും മറ്റും മദ്യം വിളമ്പുന്നതിന് FL-6 സ്പെഷ്യൽ ലൈസൻസ് നൽകുന്നുണ്ട്. ഇത്തരം അവസരങ്ങളിൽ നൽകുന്ന ലൈസൻസ് ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പു വരുത്തുന്നുമുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ വർദ്ധിച്ചുവരുന്ന ഇത്തരം പ്രവണതകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ആഫീസർ